## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2048

10.10.2011 -ൽ ഭാഗികമായി മറുപടി നൽകിയത്

### മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ: | | ശ്രീ.അടൂർ പ്രകാശ് ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | സർക്കാർ ജീവനക്കാർക്ക്, മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യം നൽകുന്നത്, ദി കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, 1960 ൽ (തുടർന്നുണ്ടായ ഭേദഗതികൾ ഉൾപ്പെടെ) വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്. |
| (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ പാസാക്കിയ റീഇംബേഴ്സ്മെന്റ് ബില്ലുകൾക്ക് ഫണ്ട് ലഭിക്കാതെ പോകുന്ന സാഹചര്യം നിലവിലുണ്ടോ; | (ബി) | ഉണ്ട്. ആരോഗ്യ വകുപ്പു ഡയറക്ടറുടെ കാര്യാലയത്തിൽ പാസ്സാക്കിയാലും അതത് സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള ഫണ്ട് അനുസരിച്ചു മാത്രമേ തുക അനുവദിക്കാൻ കഴിയൂ. |
| (സി) | ഇടുക്കി ജില്ലയിൽ നിന്ന് 2009, 2010, 2011 വർഷങ്ങളിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ പാസാക്കിയതും എന്നാൽ ഫണ്ട് ലഭിക്കാത്തതുമായ അപേക്ഷകൾ എത്രയുണ്ട് എന്നും പ്രസ്തുത അപേക്ഷകൾക്ക് ഫണ്ട് ലഭ്യമാക്കാതിരുന്നത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കുമോ; | (സി) | ഇടുക്കി ജില്ല മെഡിക്കൽ ആഫീസിൽ നിന്ന് 2009 വർഷം 2211-00-101-96(എൻപി) ശീർഷകത്തിൽ 83853/- രൂപയ്ക്കുള്ള ഒരു റീഇമ്പേഴ്സ്മെന്റ് ഫണ്ടിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത വർഷം ഫണ്ടിന്റെ കുറവു മൂലം ടി തുക അനുവദിക്കാൻ സാധിച്ചിരുന്നില്ല. 2010ൽ ഇതേ തുകയ്ക്കുള്ള അപേക്ഷ വീണ്ടും ഫണ്ടിനുവേണ്ടി ലഭിച്ചിരുന്നു. 2011 വർഷം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും മേൽ ശീർഷകത്തിൽ ഫണ്ടിനുള്ള അപേക്ഷ ഇതുവരെ കിട്ടിയില്ല. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ അംഗീകൃത റീഇംബേഴ്സ്മെന്റ് ലിസ്റ്റിലുള്ള സ്വകാര്യ ആശുപത്രികളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ? | (ഡി) | താഴെപറയുന്ന ആശുപത്രികളിൽ വ്യത്യസ്ത രോഗങ്ങൾക്കാണ് റീ ഇമ്പേഴ്സ്മെന്റ് അനുവദിച്ചിരിക്കുന്നത്<br>**<u>തിരുവനന്തപുരം ജില്ല</u>**<br>1. കോസ്മോ പൊളിറ്റൻ ഹോസ്പിറ്റൽ<br>2. ശ്രീ.ഉത്രാടം തിരുനാൾ ഹോസ്പിറ്റൽ<br>3. പി.ആർ.എസ് ഹോസ്പിറ്റൽ<br>4. എസ്.പി.ഫോർട്ട് ഹോസ്പിറ്റൽ<br>**<u>കൊല്ലം ജില്ല</u>**<br>1) എൻ.എസ്. മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പാലത്തറ<br>**<u>ആലപ്പുഴ ജില്ല</u>**<br>1) ജോസഫ്സ് കൊണ്ടത്തിൽ മെമ്മോറിയൽ ക്യാൻസർ റിസർച്ച് സെന്റർ, ചേർത്തല, ആലപ്പുഴ.<br>**<u>എറണാകുളം ജില്ല</u>**<br>1. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി<br>2. കൊമരൻ ചന്ത് യൂറോളജി ആൻഡ് റീനൽ ട്രാൻസ്പ്ളാന്റേഷൻ സെന്റർ<br>3. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി<br>4. സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റൽ<br>5. ലക്ഷ്മി ഹോസ്പിറ്റൽ, ഉദ്യോഗമണ്ഡൽ<br>6. ലിസി ഹോസ്പിറ്റൽ<br>7. എറണാകുളം മെഡിക്കൽ സെന്റർ<br>8. ലക്ഷ്മി ഹോസ്പിറ്റൽ, ആലുവ<br>9. ലക്ഷ്മി ഹോസ്പിറ്റൽ, പെരുമ്പാവൂർ<br>**<u>തൃശൂർ ജില്ല</u>**<br>1. അമല ക്യാൻസർ സെന്റർ<br>2. മാതാ ഹോസ്പിറ്റൽ<br>**<u>കോഴിക്കോട് ജില്ല</u>**<br>1. നാഷണൽ ഹോസ്പിറ്റൽ<br>2. ഫാത്തിമ ഹോസ്പിറ്റൽ |

| | | | |
|---|---|---|---|
| | | | <u>കണ്ണൂർ ജില്ല</u><br>1. മലബാർ ക്യാൻസർ സെന്റർ സൊസൈറ്റി<br>2. എ.കെ.ജി. മെമ്മോറിയൽ ഹോസ്പിറ്റൽ<br>3. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, തലശ്ശേരി<br><u>പത്തനംതിട്ട ജില്ല</u><br>1. എൻ.എസ്.എസ്.മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ , പന്തളം<br><u>മലപ്പുറം ജില്ല</u><br>1) കെ.പി.എം ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്<br>2) ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ<br>3) മൗലാനാ ഹോസ്പിറ്റൽ |

സെക്ഷൻ ഓഫീസർ